(ബി) റേഷൻകട ഇല്ലാത്തതിൽ പ്രസ്തുത പ്രദേശത്തുകാർ പ്രയാസങ്ങൾ അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ റേഷൻ കട തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 28-1-2004-ന് ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്തുകാർ റേഷൻ വാങ്ങുന്നതിനായി 1½ കി. മീ. മുതൽ 2 കി. മീ. വരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ പ്രദേശത്ത് ഒരു പുതിയ റേഷൻ കട അനുവദിക്കുന്നതിനുള്ള സാദ്ധ്യതയെക്കുറിച്ച് അന്വേഷണം നടത്തിയതിൽ സാമ്പത്തിക ഭദ്രതയോടുകൂടി ഒരു കട നടത്തുന്നതിനാവശ്യമായ 400 കാർഡുകൾ ലഭിക്കുകയില്ലെന്നും സമീപത്തുള്ള കടകളുടെ പ്രവർത്തനത്തെ അത് പ്രതികൂലമായി ബാധിക്കുമെന്നും വെളിവായിട്ടുണ്ട്. അതിനാൽ തത്ക്കാലം ഈ പ്രദേശത്ത് ഒരു പുതിയ കട അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

കോഴിക്കോട് ജില്ലയിലെ റേഷൻകടകൾ

68 [2685] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കുളത്തൂർ, നന്മണ്ട, അത്തോളി, ഉള്ള്യേരി, ബാലുശ്ശേരി, പനങ്ങാട് പഞ്ചായത്ത് എന്നിവിടങ്ങളിൽ ആകെ എത്ര റേഷൻകടകൾ ഉണ്ട്;

(ബി) ഓരോ കടകളിലും റേഷൻ കാർഡുകളുടെ എണ്ണം എത്ര വീതമാണ് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കുളത്തൂർ, നന്മണ്ട, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട് എന്നീ 7 പഞ്ചായത്തുകളിലുമായി ആകെ 71 റേഷൻകടകൾ ഉണ്ട്. ഓരോ പഞ്ചായത്തിലേയും കടകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

പഞ്ചായത്തിന്റെ പേര്	റേഷൻ കടകളുടെ എണ്ണം
എലത്തൂർ	11
തലക്കുളത്തൂർ	10
നന്മണ്ട	9
അത്തോളി	11
ഉള്ളിയേരി	12
ബാലുശ്ശേരി	9
പനങ്ങാട്	9

(ബി) ഓരോ കടയിലെയും റേഷൻ കാർഡുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.†

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാര നിർണ്ണയം

69 [2686] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, ബിനോയ് വിശ്വം:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തണമെന്ന് ബഹു. ഹൈക്കോടതിയുടെ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഈ ഉത്തരവ് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly